**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3292** **01-03-2023 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പാചകത്തൊഴിലാളികൾക്ക് ഇ.എസ്.ഐ., പി.എഫ്. ആനുകൂല്യങ്ങൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി.സിദ്ദിഖ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സ്കൂൾ പാചകത്തൊഴിലാളികൾക്ക് ഇ.എസ്.ഐ., പി.എഫ്. ആനുകൂല്യങ്ങൾ ഏർപ്പെടുത്തണമെന്ന് ഉച്ചഭക്ഷണ പദ്ധതിയുടെ 2018-19-ലെ ദേശീയ വർക്ക് പ്ലാനിൽ സംസ്ഥാന സർക്കാർ തീരുമാനിച്ചിരുന്നോ; എങ്കിൽ ഇത് നടപ്പിലാക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ 2018-19 ലെ വാർഷിക വർക്ക് പ്ലാൻ & ബഡ്ജറ്റ് കേന്ദ്രസർക്കാരിലേക്ക് സമർപ്പിച്ചപ്പോൾ സ്കൂൾ പാചകത്തൊഴിലാളികൾക്ക് ഇ.എസ്.ഐ പി. എഫ് ആനുകൂല്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നതായി പരാമർശിച്ചിരുന്നു. 08.08.2016 ലെ സ.ഉ (അച്ചടി) നമ്പർ 136/2016/തൊഴിൽ പ്രകാരം ടി തൊഴിലാളികളെ മിനിമം വേതന നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ 1948 ലെ മിനിമം വേതന നിയമത്തിലെ 26(2) അഥവാ 26(2A) എന്നീ വകുപ്പുകളിൽ പ്രതിപാദിച്ചിരിക്കുന്ന വ്യവസ്ഥകളുടെയും നിബന്ധനകളുടെയും അടിസ്ഥാനത്തിൽ 08.08.2016 ലെ വിജ്ഞാപനം റദ്ദ് ചെയ്യുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നതിനാൽ ടി തൊഴിലാളികൾക്ക് ഇ.എസ്.ഐ, പി.എഫ് ആനുകൂല്യങ്ങൾ നൽകുന്ന കാര്യത്തിൽ സർക്കാർ തീരുമാനമെടുത്തിട്ടില്ല. |
| (ബി) | സ്കൂൾ പാചകത്തൊഴിലാളികളുടെ ദിവസക്കൂലി എഴുന്നൂറ്റി അമ്പത് രൂപയാക്കുക, നൂറ്റി അമ്പത് കുട്ടികൾക്ക് ഒരു പാചകത്തൊഴിലാളിയെയും തുടർന്ന് ഓരോ നൂറ് കുട്ടിക്കും ഓരോ തൊഴിലാളിയെയും നിയമിക്കുക എന്നീ ആവശ്യങ്ങൾ അനുഭാവപൂർണ്ണം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | സ്കൂൾ പാചകതൊഴിലാളികൾക്ക് നൽകിവരുന്ന പ്രതിദിന വേതനംവർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണനയിലില്ല. ഇവർക്ക് കേന്ദ്രസർക്കാർ പ്രതിമാസം 1000/- രൂപയാണ് ഓണറേറിയമായി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സംസ്ഥാനത്ത് ടി തൊഴിലാളികൾക്ക് പ്രതിദിനം 600/- രൂപ മുതൽ 675/- രൂപ വരെ വേതനം നൽകിവരുന്നു. സംസ്ഥാനത്തെ സ്കൂൾ പാചക തൊഴിലാളികളുടെ എണ്ണം വർദ്ധിപ്പി ക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (സി) | സ്കൂൾ പാചകത്തൊഴിലാളികൾക്ക് റിട്ടയർമെന്റ് ആനുകൂല്യം ലഭ്യമാക്കുക, ഇ.എസ്.ഐ., പി.എഫ്. ഏർപ്പെടുത്തുക, അനിവാര്യമായ സാഹചര്യത്തിൽ അവധി അനുവദിക്കുക തുടങ്ങി സർക്കാർ ഉറപ്പ് നൽകിയ ആവശ്യങ്ങൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | 08.08.2016 ലെ സ.ഉ (അച്ചടി) നമ്പർ 136/2016/ തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സ്കൂൾ പാചകത്തൊഴിലാളികളെ മിനിമം വേതന നിയമത്തിന്റെ കീഴിൽ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ 1948 ലെ മിനിമം വേതന നിയമത്തിലെ 26(2) അഥവാ 26(2A) എന്നീ വകുപ്പുകളിൽ പ്രതിപാദിച്ചിരിക്കുന്ന വ്യവസ്ഥകളുടെയും നിബന്ധനകളുടെയും അടിസ്ഥാനത്തിൽ ടി വിജ്ഞാപനം റദ്ദ് ചെയ്യുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നതിനാൽ ടി തൊഴിലാളികൾക്ക് ഇ.എസ്.ഐ, പി.എഫ് എന്നിവ ഏർപ്പെടുത്തുന്ന കാര്യത്തിൽ സർക്കാർ തീരുമാന മെടുത്തിട്ടില്ല. ഓണറേറിയം വ്യവസ്ഥ യിൽ സ്കൂളുകളിൽ നിയമിക്കപ്പെടുന്ന ടി തൊഴിലാളികൾക്ക് നിലവിൽ റിട്ടയർമെന്റ് ആനുകൂല്യത്തിന് അർഹത യില്ല. സ്കൂൾ ഉച്ചഭക്ഷണകമ്മിറ്റിയാണ് പ്രസ്തുത തൊഴിലാളികൾക്ക് അനിവാര്യ- മായ സാഹചര്യത്തിൽ അവധി അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ